പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1377 — 02.05.2017 ൽ മറുപടിക്ക്

## പൊതുഗതാഗത നിലവാരം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.ഡി.പ്രസേനൻ : | ശ്രീ. തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പ് മന്ത്രി) |
| (എ) പൊതുഗതാഗത നിലവാരം വർദ്ധിപ്പിക്കുന്നതിന് വകുപ്പ് തല നടപടിയ്ക്ക് ഉദ്ദേശ്യമുണ്ടോ;<br>(ബി) ഉണ്ടെങ്കിൽ അവ എന്തെല്ലാമാണെന്ന് വിശദമാക്കാമോ<br>(സി) ദേശീയ നിലവാരം കൈവരിക്കുന്നതിനു വേണ്ടി ശ്രദ്ധ കേന്ദ്രീകരിക്കുന്ന മേഖലകൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ? | (എ) യും (ബി) യും (സി) യും സംസ്ഥാന ജലഗതാഗത വകുപ്പ് കേരളത്തിൽ ആലപ്പുഴ, കൊല്ലം, എറണാകുളം, കോട്ടയം, കണ്ണൂർ, കാസർഗോഡ് എന്നീ 6 ജില്ലകളിലായി 14 സ്റ്റേഷൻ ആഫീസുകൾ കേന്ദ്രീകരിച്ച് 51 ഷെഡ്യൂളുകൾ നിലവിൽ നടത്തി വരുന്നു. സർവ്വീസ് നടത്തുന്ന ബോട്ടുകളുടെ നവീകരണം, കാര്യക്ഷമമായ റിപ്പയർ, കൂടുതൽ ആകർഷകമായ ടൂറിസ്റ്റ് സർവ്വീസുകൾ, സുരക്ഷിതമായ യാത്ര ഉറപ്പാക്കുന്നതിനായി ആധുനിക സുരക്ഷാ ഉപകരണങ്ങളുടെ ഉപയോഗം, ജീവനക്കാർക്ക് പരിശീലനം എന്നീ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കാലപ്പഴക്കം ചെന്ന പരമ്പരാഗത തടി ബോട്ടുകൾ കാലക്രമേണ പിൻവലിച്ച് ആധുനിക രീതിയിലുള്ള സ്റ്റീൽ/ഫൈബർ ബോട്ടുകളാക്കി വകുപ്പ് പുനർ വിന്യസിച്ചു വരുന്നു. കുസാറ്റ്, തുറമുഖ വകുപ്പ് എന്നിവിടങ്ങളിലെ സാങ്കേതിക വിദഗ്ധരുടെ നേതൃത്വത്തിൽ നിർമ്മിച്ചു വാങ്ങിയ 45 സ്റ്റീൽ/ഫൈബർ ബോട്ടുകൾ സർവ്വീസിൽ ഉൾപ്പെടുത്തി നിലവിൽ കാര്യക്ഷമമായി സർവ്വീസ് നടത്തി വരുന്നു. ടൂറിസം സാധ്യതകൾ കൂടി പ്രയോജനപ്പെടുത്തി സീ- കുട്ടനാട്, ആലപ്പുഴ- കൊല്ലം, കൊല്ലം - ആലപ്പുഴ എന്നിങ്ങനെ മൂന്ന് പാസഞ്ചർ കം ടൂറിസ്റ്റ് സർവ്വീസുകൾ നിലവിൽ വിജയകരമായി നടത്തി വരുന്നു. ഇതിനു പുറമേ പുതുതായി വൈക്കം- എറണാകുളം റൂട്ടിലും കുമരകം - കോട്ടയം റൂട്ടിലും 120 കപ്പാസിറ്റിയുള്ള രണ്ട് ടൂറിസ്റ്റ് ബോട്ടുകൾ വാങ്ങുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വൈറ്റില – കാക്കനാട്, എറണാകുളം- വരാപ്പുഴ, പറശ്ശിനിക്കടവ് എന്നിവിടങ്ങളിലും പുതുതായി സർവ്വീസുകൾ നടത്തി വരുന്നു. പുതുതായി 6 പാസഞ്ചർ കം വെഹിക്കിൾ കാര്യർ ബോട്ടുകൾ സർവ്വീസിൽ ഉൾപ്പെടുത്തി മെച്ചപ്പെട്ട |

സേവനം ജനങ്ങൾക്ക് നൽകുന്നുണ്ട്.

കേരള ഇൻലാന്റ് വെസൽ റൂൾ 2010 അനുശാസിക്കുന്ന എല്ലാ സുരക്ഷാ മാനദണ്ഡങ്ങളും പാലിച്ച ബോട്ടുകളിൽ കൂടുതൽ കാര്യക്ഷമമായ സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പാസഞ്ചർ കപ്പാസിറ്റിക്ക് തുല്യമായി ലൈഫ് ജാക്കറ്റുകൾ ബോട്ടുകളിൽ സജ്ജീകരിച്ചിട്ടുണ്ട്.

പൊതു ഗതാഗത സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് കെ.എസ്.ആർ.ടി.സി ഒട്ടേറെ പദ്ധതികൾ ആവിഷ്കരിച്ച് വരുന്നുണ്ട്. കെ. എസ്. ആർ. ടി. സി. യുടെ പ്രവർത്തനം വിപുലീകരിക്കുക എന്നതു കൂടി ലക്ഷ്യമിട്ടാണ് കേരളത്തിലെ ഫാസ്റ്റ് പാസഞ്ചർ മുതൽ മുകളിലോട്ടുള്ള 241 സർവ്വീസുകൾ നടത്തുന്നതിനുള്ള അവകാശം കെ. എസ്. ആർ. ടി.സി.ക്ക് മാത്രമായി നിജപ്പെടുത്തി ഉത്തരവായിട്ടുള്ളത്. അതിൻപ്രകാരം കെ.എസ്.ആർ.ടി.സി ഇതിനകം 208 സ്വകാര്യ സൂപ്പർ ക്ലാസ് റൂട്ടുകൾ ഏറ്റെടുത്ത് കഴിഞ്ഞിട്ടുണ്ട്. അതോടൊപ്പം അന്തർസംസ്ഥാന റൂട്ടുകളിലെ യാത്രാക്ലേശം ഒഴിവാക്കുന്നതിനായി കർണ്ണാടക സംസ്ഥാനവുമായി 12,294 കി.മീ. ദൂരം കർണ്ണാടകയിൽ അധികമായി സർവ്വീസ് നടത്തുന്നതിന് ധാരണാപത്രത്തിൽ ഒപ്പ് വച്ചിട്ടുണ്ട്. തമിഴ് നാടുമായുള്ള പുതിയ അന്തർ സംസ്ഥാന കരാറിന്റെ ചർച്ചകൾ അവസാന ഘട്ടത്തിലാണ്. അത് യാഥാർത്ഥ്യമാകുന്നതോടു കൂടി തമിഴ് നാട്ടിലേക്കും കൂടുതൽ സർവ്വീസുകൾ കെ. എസ്. ആർ. ടി. സി.ക്ക് ആരംഭിക്കുവാൻ കഴിയും. കൂടുതൽ യാത്രക്കാരെ ആകർഷിക്കുക എന്നത് ലക്ഷ്യമിട്ട് ഓൺ ലൈൻ റിസർവേഷൻ സംവിധാനം നവീകരിക്കുകയും കൂടുതൽ സർവ്വീസുകളിലേക്ക് വ്യാപിപ്പിക്കുകയുമുണ്ടായിട്ടുണ്ട്. ബസ്സുകളുടെ കുറവ് മൂലം ഇടക്കാലത്ത് മുടങ്ങി കിടന്ന പുതിയ റൂട്ടുകളിലേക്കുള്ള ചെയിൻ സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ച് കഴിഞ്ഞു. കൊട്ടാരക്കര-പാരിപ്പള്ളി, ചേർത്തല-കുമ്പളങ്ങി-എറണാകുളം, കൊല്ലം-ചെങ്ങന്നൂർ, മാനന്തവാടി-സുൽത്താൻബത്തേരി എന്നീ റൂട്ടുകളിൽ ചെയിൻ സർവ്വീസുകൾ ആരംഭിച്ച് കഴിഞ്ഞിട്ടുണ്ട്. വിപുലീകരണം ലക്ഷ്യമിട്ട് എറണാകുളത്ത് നിന്നും പുതുച്ചേരിയിലേക്കും, തിരുപ്പതിയിലേക്കും, കോഴിക്കോട് നിന്നും കാസർഗോഡ്-മംഗലാപുരം-ഉഡുപ്പി-ഗോവ-കാർവാർ-പൂനെ വഴി മുംബൈക്കും, പുറമെ

എറണാകളത്ത് നിന്നും ചെന്നൈക്കും മൾട്ടി ആക്സിൽ സർവ്വീസുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിച്ചിട്ടുണ്ട്. കൂടാതെ, ജൻറം രണ്ടാം ഘട്ട പദ്ധതിയിൽ ഇനി ലഭിക്കാനുള്ള 117 ബസ്സുകൾ നിരത്തിലിറക്കാനുള്ള നടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

കൊച്ചിയിലെ പൊതുഗതാഗത സംവിധാനങ്ങൾ ഏകോപിപ്പിച്ച് ഒരു കടക്കീഴിൽ കൊണ്ട് വരുന്നതിനുള്ള നടപടികൾ കെ.എം. ആർ എൽ നടത്തി വരുന്നു. ഇതുമായി ബന്ധപ്പെട്ട നിയമ നിർമ്മാണം സർക്കാരിന്റെ പരിഗണനയിലാണ്. ഈ സംവിധാനങ്ങൾ വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ഒറ്റ ടിക്കറ്റും, ഏകീകൃത സമയാവലിയും പാലിക്കുന്ന വിവിധ പൊതു യാത്ര വാഹനങ്ങളുടെ ശൃംഖലയാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്.

ഇതു കൂടാതെ മെട്രോ റയിൽ പദ്ധതി കമ്മീഷൻ ചെയ്യുന്നതോടൊപ്പം തന്നെ ബസ്സ് റൂട്ടുകളുടെ യുക്തി സഹമായ ലഭ്യത ഉറപ്പു വരുത്തുന്നതിലും ബഹുമുഖവും സമഗ്രവും മെട്രോയുടെ അതേ യാത്രാനുഭവത്തോടുകൂടിയ റോഡ് ജലഗതാഗത മാർഗ്ഗങ്ങൾ നടപ്പിൽ വരുത്തുന്നതിനും ശ്രമം നടന്നു വരുന്നു.

(signature)

സെക്ഷൻ ഓഫീസർ